LIBRARY ARCHIVES Kerala Legislative Assembly

കല്ല്യാശ്ശേരി മണ്ഡലത്തിൽ ബാപ്പുക്കലിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട്

205 (4625) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പുക്കലിൽ പാലത്തോടുകൂടിയ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പുക്കൽ തോടിന് കുറുകെ മുണ്ടാപ്രത്ത് ആർ.സി.ബി. നിർമ്മിക്കുന്നതിനുള്ള 1,330 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി ഹരിതകേരളം ക്ലാസ്സ്-1 സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ഹരിതകേരളം സ്കീമിൽ ആവശ്യമായ ഫണ്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ കണ്ണൂർ എം.ഐ. ഡിവിഷനിൽ സ്വീകരിച്ചുവരുന്നു.

ജലസ്രോതസ്സ് സംരക്ഷണ നിയമം

206 (4626) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷ എന്താണെന്ന് വ്യക്തമാക്കുമോ?

ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും പിഴ ഈടാക്കാനും 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം സാദ്ധ്യമാണ്. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനും ശിക്ഷ/പിഴ വർദ്ധിപ്പിക്കുന്നതിനുമായി 2018-ൽ നിയമം ഭേദഗതി വരുത്തിയിട്ടുണ്ട്. ഭേദഗതി നിയമപ്രകാരം മൂന്ന് വർഷംവരെ തടവും പരമാവധി രണ്ട് ലക്ഷം രൂപ പിഴയുമാണ് കുറ്റക്കാർക്ക് ലഭിക്കുന്നത്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർക്കും ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നേരിട്ട് നടപടി സ്വീകരിക്കാൻ കഴിയും.

(ബി) 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി നിയമപ്രകാരം ജലസ്രോതസ്സുകൾ മലിനപ്പെടുത്തിയതിന് കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ പോലീസിൽ പരാതി നൽകുന്നതിന് ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതലുള്ള ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിരിക്കുന്നു. 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം 27 കേസുകൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ വകുപ്പ് ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇങ്ങനെ നൽകുന്ന പരാതികൾ അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തി ബഹു. ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്ത് ശിക്ഷ വിധിക്കുകയാണ് ചെയ്യുന്നത്. പോലീസ് അധികൃതരാണ് മേൽപ്പറഞ്ഞ അന്വേഷണം നടത്തുകയും കോടതി മുഖാന്തരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത്.

ബാവിക്കര തടയണയോട് ചേർന്ന് പാലം നിർമ്മിക്കുന്നത്

207 (4627) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബാവിക്കര തടയണയോട് ചേർന്ന് പാലം നിർമ്മിക്കുന്ന വിഷയം പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഡിസൈൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി&സി) ബാവിക്കര തടയണയോട് ചേർന്ന് നിർമ്മിക്കാനുദ്ദേശിക്കുന്ന പാലത്തിന്റെ ഡിസൈനിന് വേണ്ടിയുള്ള വിശദവിവരങ്ങൾ ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-ക്ക് സമർപ്പിച്ചപ്പോൾ ആയതിന്റെ അപ്രോച്ച് റോഡുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ (റോഡിന്റെ റെഡ്യൂസ്ഡ് ലെവലുകൾ Borehole details, soil report എന്നിവ) ആവശ്യപ്പെട്ടിരുന്നു. ഇതിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയത് പൂർത്തീകരിച്ച് ഐ.ആർ.ഡി.ബി.-യിൽനിന്നും ഡിസൈൻ ലഭ്യമാക്കി ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly